പൊതുവിദ്യാഭ്യാസവകുപ്പ്
കേരള സർക്കാർ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# ഗവ. യു പി സ്കൂൾ അക്കരപ്പാടം

govtupsakkarappadam@gmail.com

കോട്ടയം ജില്ല



# അക്കാദമിക മാസ്റ്റർ പ്ലാൻ

2025
2026










മലയാള മനോരമ

# അക്കരപ്പാടം ഗവ. യുപി സ്കൂളിൽ സ്മാർട് എസി ക്ലാസ് റൂം

വൈക്കം • അക്കരപ്പാടം ഗവ. യുപി സ്കൂളിൽ സ്മാർട് എസി ക്ലാസ് റൂം പ്രവർത്തനം ആരംഭിച്ചു. ഉദയനാപുരം പഞ്ചായത്ത് പ്രസിഡന്റ് പി.കെ.ആനന്ദവല്ലി ഉദ്ഘാടനം ചെയ്തു.

ഒന്നാം ക്ലാസ് ഒന്നാന്തരം ആക്കുന്നതിന്റെ ഭാഗമായി ഉദയനാപുരം പഞ്ചായത്ത് ആണ് ഒന്നാം ക്ലാസ് സ്മാർട് എസി ക്ലാസ് ആക്കിയത്.

ഇവിടെ ഒന്നാം ക്ലാസിൽ 26 കുട്ടികൾ ഇപ്പോൾ പഠനം നടത്തുന്നു.

പാഠ്യ- പാഠ്യേതര രംഗങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്ന സ്കൂൾ 2024-25 വർഷം ഉപജില്ലാ ശാസ്ത്രമേളയിൽ എൽപി വിഭാഗം ഓവറോൾ ചാംപ്യൻഷിപ് നേടിയിട്ടുണ്ട്.

സംസ്ഥാനത്തെ മികച്ച മൂന്ന് ഇക്കോ ക്ലബുകളിൽ ഒന്നാണിത്. യോഗത്തിൽ പിടിഎ പ്രസിഡന്റ് പി.വി.കിഷോർ കുമാർ അധ്യക്ഷത വഹിച്ചു.

പഞ്ചായത്ത് വികസനകാര്യ സ്ഥിരംസമിതി ചെയർപഴ്സൻ വി.എം.ശോഭിക, വിദ്യാഭ്യാസ



അക്കരപ്പാടം ഗവ.യുപി സ്കൂളിൽ പ്രവർത്തനം ആരംഭിച്ച സ്മാർട് എസി ക്ലാസ് റൂം ഉദയനാപുരം പഞ്ചായത്ത് പ്രസിഡന്റ് പി.കെ.ആനന്ദവല്ലി ഉദ്ഘാടനം ചെയ്യുന്നു.

സ്റ്റാൻഡിങ് കമ്മിറ്റി ചെയർപഴ്സൻ ശ്യാമള ജിനേഷ്, വാർഡ് മെംബർ ടി.പ്രസാദ്,സ്കൂൾ ഹെഡ്മാസ്റ്റർ ഇ.ആർ.നടേശൻ,എംപിടിഎ പ്രസിഡന്റ് നീരജ വിപിൻ, അധ്യാപകരായ കെ.എ.അഞ്ജു, വി.അനുഷ, എം.ജി. അമ്പിളി, സ്മിത മേനോൻ, പ്രസീന ശങ്കർ ഷീലാ കുമാരി എന്നിവർ പ്രസംഗിച്ചു.

# ഉള്ളടക്കം


1 ആമുഖം

2 വിദ്യാലയ വിവരങ്ങൾ

3 നേട്ടങ്ങൾ

4 പരിമിതികൾ

5 പൊതുലക്ഷ്യങ്ങൾ

6 ലക്ഷ്യങ്ങൾ

7 പ്രവർത്തനവിശദാംശങ്ങൾ

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്.

ഓരോ കുട്ടിയുടെയും അറിവും കഴിവും പ്രായവും പരിഗണിച്ചുകൊണ്ട് അക്കാദമികമായി ആർജ്ജിക്കാവുന്ന ശേഷികളുടെ പരമോന്നതിയിൽ എത്തിക്കുക എന്ന ലക്ഷ്യം വെച്ചു കൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർപ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

ഓരോ വിഷയത്തിലും ഏറ്റെടുത്തു നടപ്പിലാക്കാൻ കഴിയുന്ന ഹ്രസ്വ ദീർഘകാല ലക്ഷ്യങ്ങളെ മുൻനിർത്തിയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

സ്കൂൾ നേരിടുന്ന പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള ഉത്തരവാദിത്വം നമ്മളിൽ ഓരോരുത്തരിലും നിക്ഷിപ്തമാണ്. സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമികമായ വളർച്ചയ്ക്ക് ഇത് സഹായകമാകും എന്ന വിശ്വാസത്തോടെ ഈ രേഖ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.

# ഗവ. യു പി സ്കൂൾ അക്കരപ്പാടം

കോട്ടയം ജില്ലയിലെ കടുത്തുരുത്തി വിദ്യാഭ്യാസ ജില്ലയിലെ വൈക്കം ഉപജില്ലയിൽ ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ അക്കരപ്പാടം എന്ന നയനമനോഹര ഗ്രാമത്തിലാണ് ഗവ. യു പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1935-ൽ ആണ് സ്കൂൾ സ്ഥാപിതമായത്.

അക്കരപ്പാടത്തിന്റെ പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് അടിത്തറ പാകുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ഈ വിദ്യാലയത്തിൽ ഇന്ന് സമീപപ്രദേശങ്ങളിൽ നിന്നെല്ലാമുള്ള വിദ്യാർത്ഥികൾ എത്തിച്ചേരുന്നു എന്നത് മികവിന്റെ അടയാളമായി ചൂണ്ടിക്കാണിക്കാം.

സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും പങ്കാളികളാകുന്ന രക്ഷിതാക്കളും നാട്ടുകാരും സ്കൂളിന്റെ വളർച്ചയിൽ വലിയ പങ്കു വഹിക്കുന്നുണ്ട്. പരിമിതമായ സാഹചര്യങ്ങൾക്കിടയിൽ നിന്നു കൊണ്ടും അധ്യാപകരുടെ കഠിനപ്രയത്നവും രക്ഷിതാക്കളുടെ പിന്തുണയും കൊണ്ട് ഈ വിദ്യാലയം പാഠ്യ-പാഠ്യേതര രംഗങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കുന്നു.



# വിദ്യാലയ വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. യു പി സ്കൂൾ അക്കരപ്പാടം |
| മേൽവിലാസം | : അക്കരപ്പാടം പി ഒ, വൈക്കം, കോട്ടയം, പിൻ: 686143 |
| ഫോൺ | : 04829224206 |
| വിദ്യാലയ കോഡ് | : 45251 |
| വിദ്യാഭ്യാസ ഉപജില്ല | : വൈക്കം |
| വിദ്യാഭ്യാസ ജില്ല | : കടുത്തുരുത്തി |
| റവന്യൂ ജില്ല | : കോട്ടയം |
| ഗ്രാമപഞ്ചായത്ത് | : ഉദയനാപുരം |
| നിയമസഭാമണ്ഡലം | : വൈക്കം |
| ലോകസഭാമണ്ഡലം | : കോട്ടയം |
| താലൂക്ക് | : വൈക്കം |
| വില്ലേജ് | : വടക്കേമുറി |
| ഇ-മെയിൽ | : govtupsakkarappadam@gmail.com |

# നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം
- ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ പ്രീ - പ്രൈമറി കെട്ടിട സമുച്ചയം
- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ
- സ്കൂൾ ബാൻഡ് സംഘം
- കരാട്ടെ, യോഗ, ഫുട്ബോൾ എന്നിവയുടെ പരിശീലനങ്ങൾ
- സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെയും നാട്ടുകാരുടെയും പിന്തുണ
- സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു
- കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യുൽ
- ഉപജില്ല, ജില്ല, സംസ്ഥാനതലങ്ങളിൽ മികച്ച പി ടി എ ക്കുള്ള ഒന്നാം സ്ഥാന വിജയം കരസ്ഥമാക്കിയ വിദ്യാലയം
- പാഠ്യേതര പ്രവർത്തനങ്ങളിൽ നിരവധി പുരസ്കാരങ്ങൾ, ജില്ലയിൽ ഒന്നാം സ്ഥാനം എന്നിവ നേടിയ വിദ്യാലയം
- കായികരംഗത്ത് സിന്തറ്റിക് ടർഫ് കോർട്ടുള്ള ഏക വിദ്യാലയം

# പരിമിതികൾ

- കുട്ടികളുടെ ആധിക്യത്തിനനുസരിച്ചുള്ള കെട്ടിടത്തിന്റെ ദൗർലഭ്യം
- സയൻസ് ലാബിന് പ്രത്യേകം റൂം ഇല്ലാത്ത അവസ്ഥ
- സെമിനാർ ഹാളിൽ ആവശ്യാനുസരണമുള്ള ഫർണിച്ചറുകളുടെ അഭാവം
- ഐ. ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല
- കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്
- ആധുനിക രീതിയിലുള്ള കംപ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്. സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ച നല്കാൻ പ്രയാസം നേരിടുന്നു

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളൊരുക്കും.
3. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും.
4. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.
5. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
6. കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.
7. സയൻസ് ലാബ്, കംപ്യൂട്ടർലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.
8. മാലിന്യ മുക്ത വിദ്യാലയം.
9. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ
10. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവക്കെതിരെ മുൻകരുതലുകൾ
11. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

# ലക്ഷ്യങ്ങൾ

ഭാഷ, ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, ആരോഗ്യകായികം, പ്രവർത്തിപരിചയം എന്നിവയിലെ ശേഷി വികസനം

## മലയാളം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ട്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോദനപ്പെടുത്തുക.
7. മികച്ച വായനശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. സർഗാത്മക പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ നടത്തുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

## ഹിന്ദി

1. എല്ലാ കുട്ടികളെയും ഹിന്ദി വായനയിലേക്ക് എത്തിക്കുക.
2. എല്ലാ കുട്ടികളെയും ഹിന്ദി ഭാഷയിൽ സർഗാത്മക പ്രവർത്തനങ്ങൾക്ക് പ്രാപ്തരാക്കുക.
3. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
4. ഹിന്ദി ഭാഷയിലെ അഭിരുചി വർദ്ധിപ്പിക്കുക.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗമിത ശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ശാസ്ത്രം

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
4. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

## സാമൂഹ്യശാസ്ത്രം

1. സാധ്യമായ ദിനാചരണങ്ങൾ അക്കാദമിക് പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
2. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
2. ആരോഗ്യ ശീലങ്ങൾ വളർത്തുക.
3. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

## പ്രവൃത്തിപഠനം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുന്നു.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

# പ്രവർത്തനവിശദാംശങ്ങൾ

## എൽ പി വിഭാഗം

# അക്കാദമിക മാസ്റ്റർ പ്ലാൻ

**മേഖല - മലയാളം**

ക്ലാസ് - 1

ചുമതല
ക്ലാസ് ടീച്ചർ

## ലക്ഷ്യങ്ങൾ

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാരരൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
2. എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
3. എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
4. രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവ മാധ്യമങ്ങളിൽ പങ്കിടൽ.
5. ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
6. കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതനായുള്ള ലഘു രചന ശില്പശാലകൾ നടത്തുക.
7. തീയറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുക.
8. ലിപികൾ തിരിച്റിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറു കഥകൾ എഴുതുക.
9. കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
10. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
11. സർഗ്ഗശേഷികൾ കൈവരിക്കുന്നു.
12. ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാരരൂപങ്ങളിലേക്ക് മാറുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
13. പാട്ടരങ്ങ്, റീഡേഴ്സ് തീയറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
14. കുഞ്ഞുചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
15. രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം, സംയുക്ത ഡയറി തയ്യാറാക്കുന്നു.

# പ്രവർത്തനങ്ങൾ

## ജൂൺ

1. സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
2. സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
3. അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.
4. ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
5. താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ

1. സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
2. കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
3. വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
4. രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
6. പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
7. ചെറിയകഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
8. അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
9. ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
10. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

1. റീഡേഴ്സ് തീയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാള മധുരം പ്രവർത്തനങ്ങൾ.
2. ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
3. സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
4. പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പക്കുന്നു.
5. ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്ര വായനാക്കാർഡുകൾ എന്നിവ തയ്യാറാക്കുന്നു,അവതരിപ്പിക്കുന്നു.
6. രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
7. ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
8. ആശയഗ്രഹണത്തിലൂടെ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

1. സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കൽ.
2. സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിനു അവസരം ഒരുക്കൽ.
3. ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തൽ.
4. അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കണം.
5. വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കണം.
6. കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
7. തിയറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
8. കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.
9. സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
10. കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
11. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
12. കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
13. മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

1. ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
2. കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
3. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
4. ആശയ പൂർണതയോടെ തൽസമയ രചനകൾ നടത്തുന്നു.
5. ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
6. സ്വതന്ത്രമായി രചനകൾ നടത്തി പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
7. ആശയ പൂർണതയോടെ തൽസമയ രചനകൾ നടത്തുന്നു.
8. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.

### മാർച്ച്

1. കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
2. വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മവായന, ചങ്ങലവായന, സ്വതന്ത്രവായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
3. ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ

# ക്ലാസ് - 2

## ലക്ഷ്യങ്ങൾ

1. രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
2. രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
3. ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
4. വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
5. ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
6. ആശയം, ഈണം, താളം ഇവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.
7. പ്രീ ടെസ്റ്റ് നടത്തുന്നു, എല്ലാ തലങ്ങളിലും ഉള്ള കുട്ടികളെ കണ്ടെത്തുന്നു.
8. കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തനങ്ങൾ

### ജൂൺ

1. ചിത്ര കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
2. ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
3. വായനാ സാമഗ്രികൾ നിർമ്മിക്കൽ
4. വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലൈ

1. ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുക
2. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു
3. സ്കൂൾലൈബ്രറി ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരക്കുന്നു

## ഓഗസ്റ്റ്

1. ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
2. രക്ഷിതാക്കളുടെ സഹായം ഉറപ്പു വരുത്തൽ
3. ചിത്ര വിവരണം
4. വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത് വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു

## സെപ്റ്റംബർ

1. വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കുക
2. വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
3. വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
4. വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

1. കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
2. വിവധ തരത്തിലുള്ള പതിപ്പുകൾ തയ്യാറാക്കുന്നു

## നവംബർ

1. കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു

## ഡിസംബർ

1. ഭാഷയുടെ വിവധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു
2. ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു

## ജനുവരി

1. വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിത പൂരണം)
2. ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

## ഫെബ്രുവരി

1. എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)
2. കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ

## മാർച്ച്

1. വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ
2. ഒരു കുട്ടിക്ക് ഒരു മാഗസിൻ
3. ഓരോ കുട്ടിക്കും പതിപ്പുകൾ
4. വീട്ടുവായന, കൂട്ടുവായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
5. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# ക്ലാസ് -3

## ലക്ഷ്യങ്ങൾ

1. വിദ്യാർത്ഥിക്കൾക്ക് ശുദ്ധമായി മലയാളം വായിക്കാനും എഴുതാനും സംസാരിക്കാനും കഴിയണം.
2. സൃഷ്ടി പരമായ എഴുത്തും സംസാര ശേഷിയുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക.
3. ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം.
4. ഉചിതമായ വിശേഷണങ്ങളും മറ്റും ചേർത്ത് സ്വന്തം രചനകളും ഭാഷാവിഷ്കാരങ്ങളും കൂടുതൽ മികവുറ്റതാക്കുന്നു.
5. പുതിയ പദങ്ങൾ പ്രയോഗങ്ങൾ എന്നിവയുടെ അർത്ഥവും ആശയവും സന്ദർഭങ്ങളിൽ നിന്നും നിഘണ്ടു നോക്കിയും കണ്ടെത്തി പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.

# പ്രവർത്തനങ്ങൾ

## ജൂൺ - ജൂലൈ

1. നിർദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനശേഷിയും വർദ്ധിപ്പിക്കുക.
2. ഭാഷാകളികൾ
3. ഭാവാത്മക വായന
4. കഥ പറയൽ
5. അധ്യാപിക ഭാവാത്മകമായി പറയുന്ന കഥകൾ കേൾക്കൽ
6. ICT ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ
7. സംസാരശേഷി
8. ചിത്രവായന
9. കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം
10. അനുഭവവിവരണം
11. ചിത്രത്തെക്കുറിച്ച് വാക്കുകൾ
12. വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക
13. ചിത്രവിവരണം

## ഓഗസ്റ്റ് - സെപ്റ്റംബർ

1. കഥപുസ്തകങ്ങൾ വായിക്കുക.
2. വായിച്ചതിൽ നിന്ന് പുതിയ വാക്കുകൾ കണ്ടെത്തുക.
3. പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ
4. വാക്കുകളുടെ web നിർമ്മിക്കുക.
5. ചിത്രവിവരണം
6. വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക.
7. ചോദ്യങ്ങൾ നിർമ്മിക്കുക.
8. വാക്കുകൾ കൂട്ടിച്ചേർത്തു വരികൾ എഴുതുക.

## ഒക്ടോബർ - നവംബർ

1. ലൈബ്രറി പുസ്തകങ്ങൾ വായിക്കുക.
2. വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക.
3. പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ എഴുത്ത്.
4. കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം.

## ഡിസംബർ - ജനുവരി

1. കഥാ പുസ്തകങ്ങൾ വായിക്കുക.
2. വായിച്ചതിൽ നിന്നും പുതിയവാക്കുകൾ കണ്ടെത്തുക.
3. വിവധ ചിത്രസൂചനകളിൽ നിന്നോ കഥാസൂചനകളിൽ നിന്നോ കഥ വികസിപ്പിക്കുക.
4. വായനക്കുറിപ്പ് തയാറാക്കുന്നു.
5. യാത്രാനുഭവ വിവരണം തയാറാക്കുക.

## ഫെബ്രുവരി - മാർച്ച്

1. ലൈബ്രറി പുസ്തകങ്ങൾ വായിക്കുക.
2. ചിത്രത്തെ അടിസ്ഥാനമാക്കി കുറിപ്പ് തയാറാക്കുക.
3. കഥയെ മാറ്റിയെഴുതൽ

## മേഖല -ഇംഗ്ലീഷ്

ക്ലാസ് - 1

ചുമതല
ക്ലാസ് ടീച്ചർ

## Objective

1. To improve the ability of the learners to speak, read and write in English.
2. To confirm that the learners acquire the aims of each units.
3. To enrich vocabulary.
4. To make plans for English language acquisition through easy and attractive methods.
5. To enable the learners to enjoy different discourses.
6. To adopt suitable activities for CWSN learners.

## Aim

1. To develop listening, speaking skills
2. To develop reading skills
3. writing skills

## Activities

### June

1. Rhymes
2. Simple stories
3. Riddles
4. Simple instructions
5. Games

## July

1. Rhymes
2. Simple stories
3. Description
4. Growing sentences
5. Riddles
6. Puzzles
7. Picture reading cards
8. Describing words, find words from reading materials

## July - March

1. Make words web
2. Picture description
3. Growing sentences
4. Word chain
5. Story telling
6. Enjoy reading stories
7. Write simple stories, conversation
8. Make riddles

# ക്ലാസ് - 2

## Aim

To speak, Read and Write English without any mistakes

## Activities

## June - July

1. Pretest
2. To develop listening skills & reading skills first

Listening skills:- Games, Action songs, Hello English activities, conversations, Skit, Stories use ICT

Speaking skills:- Descriptions, Growing sentences, Picture reading, Picture description, Self introduction, Assembly activities speech, Books-story books in simple sentences reading, Riddles etc.

## August - September

Reading skills:- News paper reading, Library books reading, Reading breaking news, Find words, Collect rhyming words, Describing words, Textbook activities etc.
Writing skills:- Make word web, Picture description, Word chain, Sentence chain, Make words & Sentences, Make riddles, Conversations, Add more lines, Develop story, Description, Notice etc.

## October - November

1. To express thought feeling etc.

Reading skills:- Newspaper reading, Library books reading, Conversations, Skit, Stories use ICT Materials, Read breaking news, Read notice
Writing skills:- Description, Thought, Riddles, Conversation

## December - January

1. Develop creative speaking and writing
2. To express thoughts feelings etc.

Reading skills:- News paper reading, library book reading, Conversations, Stories use ICT materials, Reads breaking news
Writing skills:- Conversation, Poem – Add more lines to it

## February - March

1. To improve the presentation power

Reading skills:- News paper reading, Library books reading, Conversation, Stories, Develop story, Thoughts & read breaking news
Writing skills:- Conversation, Description, Thoughts

# ക്ലാസ് - 3

## Aim

1. To Speak, Read and Write English without any mistakes.
2. To check the vocabulary and writing skills of pupils.

## Activities

## June - July

1. Pretest
2. To develop listening skills and reading skills

Listening skills:- Games, Action songs, Conversations, Stories
Speaking skills:- identify the naming words from the picture, identify the action words from the picture, Make simple sentence using the word about picture, Make simple description about the picture, Growing sentences, Picture reading, Self introductions

## August - September

1. Develop creative speaking and writing
Reading skills:- Books reading, Find words, Rhyming words,Text book activities
Writing skills:- Make word web, Picture description, Word chain, Make riddles, Conversations, Add more lines

## October - November

1. To express thoughts feeling etc.
Reading skills:- Library book reading, Conversations, Skit, Stories, Develop stories
Writing skills:- Conversations, Stories

## February - March

1. To improve the presentation power
Reading skills:- Library books reading, Conversations, Skit, Stories, Develop stories
Writing skills:- Description, Conversation, Story

## മേഖല - ഗണിതം

ക്ലാസ് - 1

ചുമതല
ക്ലാസ് ടീച്ചർ

## ലക്ഷ്യങ്ങൾ

1. കുട്ടികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഗണിതം കൂടുതൽ ലളിതമാക്കൽ
2. മഞ്ചാടി സഞ്ചി ഉൾപ്പെടുത്തി ഗണിത പഠനം കൂടുതൽ രസകരമാക്കൽ
3. ഗണിതപ്പാട്ടുകൾ പാടി രസിക്കൽ
4. പ്രശ്ന നിർധാരണം നടത്താനുള്ള കഴിവ് വികസിപ്പിക്കൽ
5. ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും ഉള്ള കഴിവ്
6. ഒരക്ക സംഖ്യകൾ ആരോഹണ, അവരോഹണ ക്രമത്തിൽ ആക്കൽ
7. രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
8. രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം
9. ഒരക്ക സംഖ്യാ വ്യാഖ്യാനം
10. ഒരക്ക സംഖ്യാ പാറ്റേൺ

11. രണ്ടക്ക സംഖ്യകളുടെ (20 ൽ താഴെ) സങ്കലനം
12. രണ്ടക്ക സംഖ്യകളുടെ (20 ൽ താഴെ) വ്യവകലനം
13. 20 ൽ താഴെയുള്ള സംഖ്യകളുടെ സംഖ്യാ വ്യാഖ്യാനം
14. 20 ൽ താഴെയുള്ള സംഖ്യകളുടെ പാറ്റേൺ
15. 1 മുതൽ 100 വരെ എഴുതാനും വായിക്കാനും ഉള്ള കഴിവ്
16. പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിന് (രൂപയും പൈസയും)

## പ്രവർത്തനങ്ങൾ

### ജൂൺ

സംഖ്യാ ബോധം:-

1. സംഖ്യാ കാർഡ് ഉപയോഗിച്ചുള്ള കളികൾ ഉല്ലാസ ഗണിതം.
2. വലിയ സംഖ്യ, ചെറിയ സംഖ്യ
3. ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ
4. വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ
5. ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ
6. സങ്കലനം, വ്യവകലനം എന്നീ ചിഹ്നങ്ങൾ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ

### ജൂൺ - മാർച്ച്

സംഖ്യാ ഗാനങ്ങൾ:- സംഖ്യാ ഗാനങ്ങൾ ശ്രവിക്കുന്നു, പാടുന്നു. ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു.

മഞ്ചാടി സഞ്ചി:- ഗണിത പഠനം കൂടുതൽ രസകരമാക്കാനും ലളിതമാക്കാനും ഉള്ള വസ്തുക്കൾ മഞ്ചാടി സഞ്ചിയിൽ തയ്യാറാക്കുക, സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ മഞ്ചാടി സഞ്ചിയിലൂടെ സാധ്യമാക്കുന്നു.

### ജൂലൈ - മാർച്ച്

ചിഹ്നങ്ങൾ:- രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലന പ്രക്രിയകൾ നടത്തൽ, സങ്കലന ക്രിയകൾ ഉൾപ്പെടുന്ന സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ

വ്യവകലനം:- രണ്ടക്ക സംഖ്യയും ഒരക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ

# ക്ലാസ് - 2

## ലക്ഷ്യങ്ങൾ

1. രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കൽ, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
2. സംഖ്യാബോധവും ക്രിയാശേഷികളും നേടിയെടുക്കുന്നതിന്
3. ഗണിതാശയങ്ങൾ ഉറപ്പിക്കൽ
4. ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു (100 ൽ താഴെ)
5. ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തതരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ കഴിയും എന്ന തിരിച്ചറിവ്.
6. പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗിക്കുന്നു.

## പ്രവർത്തനങ്ങൾ

### ജൂൺ

1,2,3,4........
1,3,5,7........
10,20,30,40........
5,10,15,20..........
2,4,6,8................ തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.

ഒരു സംഖ്യയോട് ഒന്ന് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടു മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

### ജൂലൈ

1. ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
2. പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്കസംഖ്യകൾ രൂപീകരിക്കൽ (5+5=10, 10+10=20)

## ആഗസ്റ്റ്

1. വിവധ പാറ്റേണുകൾ രൂപീകരിക്കൽ
2. സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
   99+1=100
   10 പത്തുകൾ ചേർന്നാൽ 100
   100 ഒന്നുകൾ ചേർന്നതാണ് 100
3. ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തുക.

## സെപ്തംബർ

1. പ്രായോഗിക പ്രശ്ന പരിഹരണം
2. വിലവിവരപ്പട്ടിക തയ്യാറാക്കൽ
3. ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

1. രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
2. സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
3. സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ

## നവംബർ

1. സ്ഥാനവില തിരിച്ചറിയൽ
2. പ്രായോഗിക പ്രശ്ന പരിഹരണത്തിനായി കളി നോട്ടുകൾ തയ്യാറാക്കി പ്രയോജനപ്പെടുത്തൽ
3. നോട്ട്, നാണയം തിരിച്ചറിഞ്ഞ് കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ

## ഡിസംബർ

1. സംഖ്യാബോധം, സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ
2. സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി അബാക്കസ്, സ്ഥാനവില പോക്കറ്റ് എന്നിവ തയ്യാറാക്കൽ
3. രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

### ജനുവരി

1. വിലവിവരപ്പട്ടിക തയ്യാറാക്കൽ, പ്രശ്നനിർദ്ധാരണം നടത്തൽ
2. സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ

### ഫെബ്രുവരി

1. ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
2. ഗണിതപഠനം കളിരീതിയിൽ പ്രയോഗിക്കൽ
3. ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ

### മാർച്ച്

1. കലണ്ടർ പതിപ്പ് തയ്യാറാക്കൽ
2. കലണ്ടറിലെ ചുവന്നതും കറുത്തതുമായ അക്കങ്ങൾ തിരിച്ചറിയുന്നു.
3. കലണ്ടർ സംഖ്യാബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ
4. കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ
5. ഗണിതാശയങ്ങൾ പ്രായോഗിക പ്രശനത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.

## ക്ലാസ് - 3

## ലക്ഷ്യങ്ങൾ

1. മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കൽ
2. മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ
3. മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
4. മൂന്നാം ക്ലാസിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും സമയം പറയാൻ ഉള്ള ശേഷി ഉറപ്പിക്കുന്നു

## പ്രവർത്തനങ്ങൾ

### ജൂൺ

1. സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു. സംഖ്യ വായിക്കുന്നു, സംഖ്യ എഴുതുന്നു, തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതുന്നു.
2. കൂട്ടങ്ങളാക്കാം:- ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതുന്നു. കളിനോട്ട് ഉപയോഗിച്ച് 1,10,100,1000 കൂട്ടങ്ങളാക്കി മാറ്റാം
3. സംഖ്യസൂര്യൻ:- ഓരോ കുട്ടിക്കും ഒരു മൂന്നക്കസംഖ്യ ബോർഡിൽ എഴുതാം. ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്തരീതിയിൽ മാറ്റി എഴുതുന്നു.

## ജൂൺ - ഓഗസ്റ്റ്

ക്രമത്തിലാക്കാം:- വ്യത്യസ്തസംഖ്യകൾ നൽകുന്നു, ആരോഹണക്രമം, അവരോഹമക്രമം എഴുതുന്നു

## ജൂൺ - സെപ്റ്റംബർ

പാറ്റേൺ പൂർത്തിയാക്കൽ:- വിവധ സംഖ്യാപാറ്റേൺ പൂർത്തിയാക്കുന്നു

ക്രമീകരിക്കാം:- സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം, അരവിന്ദ്ഗുപ്തകാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം

## ജൂലൈ - ഫെബ്രുവരി

1. അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു. വിവധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.
2. ക്രിയ ചെയ്യാം:- ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളത് കണ്ടെത്തുന്നു.

## ജൂലൈ - മാർച്ച്

സംഖ്യാചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു, അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം

## ഓഗസ്റ്റ് - ഫെബ്രുവരി

വിവധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കുന്നു, കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കുന്നു

## നവംബർ - ഡിസംബർ

സമയം എഴുതിയ നറുക്കുകൾ നല്കുന്നു, കുട്ടികൾ അത് ക്ലോക്കിൽ വരച്ച് കാണിക്കുന്നു

# മേഖല - പരിസരപഠനം

ചുമതല
ക്ലാസ് ടീച്ചർ

## ക്ലാസ് - 3

## ലക്ഷ്യങ്ങൾ

1. ചുറ്റുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് തണ്ടിന്റെ കാഠിന്യം, വലുപ്പം, ആയുസ്, ചുറ്റുപാട് എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു.
2. പുതിയ ചെടികൾ ഉണ്ടാകുന്നതും വളരുന്നതും നിരീക്ഷണ പരീക്ഷണങ്ങളിലൂടെ തിരിച്ചറിയുന്നു
3. വേര്, തണ്ട് എന്നിവയുടെ ധർമ്മങ്ങൾ കണ്ടെത്തുന്നു

4. ഇലകളുടെയും പൂക്കളുടെയും സവിശേഷതകളും വൈവിധ്യങ്ങളും തിരിച്ചറിഞ്ഞ് സസ്യസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
5. ചിറ്റുപാടുമുള്ള ജീവികളെ നിരീക്ഷിച്ച് സഞ്ചാരരീതി, ആഹാരരീതി എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു
6. ശാരീരിക പ്രത്യേകതകളും ആഹാരരീതികളും താരതമ്യം ചെയ്ത് നിഗമനങ്ങൾ രൂപികരിക്കുന്നു
7. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
8. ജലത്തിന്റെ പ്രാധാന്യം മനസിലാക്കി ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
9. മണ്ണിനുള്ളിൽ കാണുന്ന ജീവികളെ നിരീക്ഷിച്ച് അവയ്ക്കാവശ്യമായ വായു, ജലാംശം, ജൈവാംശം എന്നിവ മണ്ണിലുണ്ടെന്ന് പരീക്ഷണത്തിലൂടെ കണ്ടെത്തി മണ്ണ് സംരക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
10. നിരീക്ഷണത്തിലൂടെ വ്യക്തിശുചിത്വത്തിന്റെയും പരിസരശുചിത്വത്തിന്റെയും പ്രാധാന്യം തിരിച്ചറിഞ്ഞ് ശീലങ്ങൾ ആർജിക്കുകയും നിത്യജീവിതത്തിൽ പ്രവർത്തികമാക്കുകയും ചെയ്യുന്നു
11. മികച്ച ആരോഗ്യത്തിന് നല്ല ആഹാരശീലങ്ങൾ തിരിച്ചറിഞ്ഞ് അവ പാലിക്കുകയും വൈവിധ്യമാർന്ന ഭക്ഷ്യവസ്തുക്കൾ ആഹാരത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു
12. ശരീരസുരക്ഷയുമായി ബന്ധപ്പെട്ട പ്രാഥമിക കാര്യങ്ങൾ ബോധ്യപ്പെടുന്നു
13. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ മനസിലാക്കുന്നു
14. പരീക്ഷണം, നിരീക്ഷണം എന്നിവയിലൂടെ ഭൂമിയുടെ ആകൃതി മനസിലാക്കുന്നു. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ ഇവയെക്കുറിച്ചുള്ള അടിസ്ഥാന ധാരണകൾ രൂപികരിക്കുന്നു
15. നമ്മുടെ രാജ്യത്തിന്റെ ദേശീയചിഹ്നങ്ങൾ മനസിലാക്കുന്നു
16. ഭൂപട നിരീക്ഷണത്തിലൂടെ കേരളത്തെ സംബന്ധിക്കുന്ന അടിസ്ഥാനധാരണകൾ രൂപികരുക്കുന്നു

## പ്രവർത്തനങ്ങൾ

### ജൂൺ

1. ചെടികൾ നിരീക്ഷിക്കുന്നു
2. പ്രകൃതി നടത്തം
3. വിത്ത് മുളപ്പിക്കൽ
4. വ്യത്യസ്തതരം സസ്യങ്ങൾ, ഇലകൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു
5. പരിസ്ഥിതി ദിനാചരണം

### ജൂലൈ

1. വ്യത്യസ്തതരം ജീവികളെ നിരീക്ഷിക്കുന്നു
2. ചിത്രശേഖരണം
3. മണ്ണ് നിരിക്ഷിക്കൽ
4. ജൈവവൈവിധ്യ ഉദ്യാനം
5. ശലഭങ്ങൾ വളരുന്ന ചെടികൾ

## ഓഗസ്റ്റ് - സെപ്റ്റംബർ

1. മഴമാപിനി നിർമ്മാണം
2. ജലസംരക്ഷണ പോസ്റ്റർ
3. കിണർ സംരക്ഷണം
4. മണ്ണ് നിരീക്ഷണം
5. മണ്ണ് കൊണ്ടുള്ള പരീക്ഷണങ്ങൾ

## ഒക്ടോബർ

1. ശുചിത്വപോസ്റ്റർ നിർമ്മാണം
2. ശുചിത്വക്ലബ് പ്രവർത്തനങ്ങൾ
3. ആരോഗ്യബോധവത്ക്കരണ സെമിനാർ

## നവംബർ

1. ഭക്ഷ്യമേള
2. എന്റെ ആരോഗ്യകാർഡ്
3. ശരിയായ ഭക്ഷണശീലം
4. പോസ്റ്റർ

## ഡിസംബർ- ജനുവരി

1. ആരോഗ്യ വിദഗ്ധരുടെ ക്ലാസ്
2. റോൾപ്ലേ റോഡ് നിയമങ്ങൾ
3. First aid kit തയ്യാറാക്കൽ
4. First aid role play

## ജനുവരി - ഫെബ്രുവരി

1. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ
2. ദേശീയ പതാക വരയ്ക്കൽ
3. ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ
4. ഭൂപട വായന
5. എന്റെ കേരളം

## മാർച്ച്

1. ജീവികളുടെ കൂടുകൾ, ചിത്രശേഖരം
2. വ്യത്യസ്ത വീടുകൾ, ജോലികൾ
3. പൊതുസ്ഥാപനം

മേഖല - മലയാളം

ക്ലാസ് - 4

ചുമതല
ക്ലാസ് ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | അറിവ് ഡോക്യുമെന്ററിയിലൂടെ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ പ്രദർശിപ്പിക്കുന്നു | ആവശ്യാനുസരണം |
| 2 | രുചിച്ചറയാം നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള, പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ | വർഷത്തിലൊരിക്കൽ |
| 3 | വായിക്കാം വളരാം വായനാശേഷി വളർത്തൽ | വായനാവണ്ടി വായനാ ഉറി, class library, വായനാക്കുറിപ്പ് പത്രവായന പുസ്തകപരിചയം | വർഷം മുഴുവൻ |
| 4 | എഴുതാം തെളിയാം എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ ഡയറി - പ്രദാനപ്പെട്ട ദിവസങ്ങൾ ആസ്വാദനക്കുറിപ്പ് | വർഷം മുഴുവൻ |
| 5 | ഓർക്കാം അഭിമാനിക്കാം സാഹിത്യകാരൻമാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം, ക്വിസ്, ലഘുപ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നർമ്മാണം | ആവശ്യാനുസരണം |

| | | | |
|---|---|---|---|
| 6 | കല പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ് മുറിയിലേക്ക്, കലാവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രദർശിപ്പിക്കൽ | വർഷത്തിലൊന്ന് |
| 7 | സർഗോത്സവം ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുക | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊന്ന് |

## മേഖല - ഇംഗ്ലീഷ്

ചുമതല
ക്ലാസ് ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ച്ചയിൽ 1 ദിവസം അസംബ്ലി ചേരൽ(അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ |
| 2 | ഇംഗ്ലീഷ് ഡയറി തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു | ജൂലൈ - മാർച്ച് |

| | | | |
|---|---|---|---|
| 3 | ഇംഗ്ലീഷ് തീയേറ്റർ<br>സർഗ്ഗാത്മകത<br>പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ<br>വ്യവഹാരരൂപങ്ങളായി<br>അവതരിപ്പിക്കൽ (skit, story-telling, drama, conversation) | |
| 4 | വായനാപരിപോഷണം | കുട്ടികളുടെ<br>നിലവാരത്തിനനുസരിച്ച്<br>പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച്<br>വായനമൂല ഒരുക്കൽ, വായന<br>വേള ഒരുക്കൽ, വായനക്കുറിപ്പ്,<br>പുസ്തകപരിചയം | |
| 5 | ഇംഗ്ലീഷ് ഫെസ്റ്റ്<br>ഇംഗ്ലീഷ് നന്നായി<br>പറയുവാനും എഴുതുവാനും<br>കഴിയുന്ന<br>നിലവാരത്തിലെത്തിക്കൽ | വായനാ മത്സരം | |

## മേഖല - പരിസരപഠനം

ചുമതല
ക്ലാസ് ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | പ്രകൃതിനടത്തം<br>നിരീക്ഷണം-അറിവ്<br>നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട<br>ഫീൽഡ് ട്രിപ്പുകൾ<br>സംഘടിപ്പിക്കൽ | ആവശ്യാനുസരണം |
| 2 | ശാസ്ത്രമൂല<br>ശാസ്ത്രപഠനം ലളിതവും<br>രസകരവുമാക്കൽ | ശാസ്ത്രപഠനത്തിന് ആവശ്യമായ<br>സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ<br>സംഘടിപ്പിക്കൽ | ആവശ്യാനുസരണം |
| 3 | ഭൂപടമൊരുക്കൽ<br>കേരളം-ഇന്ത്യ<br>ഭൂപടവായന സൂചിക<br>പരിചയപ്പെടൽ | ഭൂപടവായന<br>ഭൂപടരചന<br>സൂചിക നിർമ്മാണം | വർഷത്തിലൊന്ന് |

| | | | |
|---|---|---|---|
| 4 | ശാസ്ത്രമാസിക<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസിക നിർമ്മാണം | വർഷത്തിലൊന്ന് |
| 5 | ശാസ്ത്രയാത്ര<br>ശാസ്ത്രപഠനത്തിൽ താത്പര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | വാന നിരീക്ഷണകേന്ദ്രം ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം |
| 6 | ശാസ്ത്രോത്സവം<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകൾ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | ആവശ്യാനുസരണം |

## മേഖല - ഗണിതം

ചുമതല
ക്ലാസ് ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | ഗണിത പഠനം രസകരമാക്കൽ | വിവധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ (ഏണിയും പാമ്പും, ഡയസ് കളി,സങ്കലനം, വ്യവകലനം) | വർഷം മുഴവൻ |
| 2 | ഒറിഗാമിയിലൂടെ പഠിക്കാം<br>പഠനം രസകരമാക്കൽ<br>കരചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം | വർഷത്തിലൊന്ന് (ഉചിതമായ സമയത്ത്) |
| 3 | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളിലൂടെ നിർമ്മാണം | ആവശ്യാനുസരണം |

# പ്രവർത്തന വിശദാംശങ്ങൾ

## യു പി വിഭാഗം

# അക്കാദമിക മാസ്റ്റർ പ്ലാൻ

**മേഖല - മലയാളം**

ചുമതല
മലയാളം ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | <u>എന്റെ അവധിക്കാലം</u><br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു<br><u>ഭാഷാകേളി</u><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു<br>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ |

| | | | |
|---|---|---|---|
| 2 | പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പ് വരുത്തുക | വാർത്താലോകത്തേക്ക്<br>പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു<br>വാർത്താവായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു.<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | എല്ലാ ദിവസവും<br>പ്രതിമാസം<br>വർഷത്തിൽ 3 പ്രാവശ്യം |
| 3 | സാഹിത്യ കൃതികളോടും സാഹിത്യകാരൻ മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക സർഗ്ഗശേഷി വളർത്തുക | സംവാദം/മുഖാമുഖം<br>സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കൽ | വർഷത്തിൽ 2 പ്രാവശ്യം |
| 4 | മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | ഇ-കമ്പ്യൂട്ടിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസ്സിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | 2 വർഷം |

| | | | |
|---|---|---|---|
| | | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം |
| 5 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ച്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു<br>ശില്പശാലകൾ നടത്തുന്നു | അക്കാദമിക് വർഷം |
| 6 | കുട്ടികളുടെ ആകാശവാണി അക്കരപ്പാടം സ്കൂൾ | അക്കരപ്പാടം എഫ് എം<br>വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു<br>അഭിമുഖം നടത്തുന്നു<br>വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു | തെരഞ്ഞെടുത്ത ദിവസങ്ങളിൽ |

# മേഖല - ഇംഗ്ലീഷ്

ചുമതല
ഇംഗ്ലീഷ് ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | <u>Meet the foreigner</u><br>തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു<br><u>One man show</u><br>ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു<br><u>I too can</u><br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റ് കൂടാതെ വായിക്കാൻ അവസരം നൽകുന്നു (ലളിതമായതിൽ നിന്ന് സങ്കീർണ്ണതയിലേക്ക്)<br><u>Leaning ladders</u><br>പാഠഭാഗത്തിൽ നിന്നും തെരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് | വർഷത്തിലൊരിക്കൽ<br><br>ഒക്ടോബർ<br><br>ജൂലൈ<br><br>സെപ്തംബർ |

| | | | |
|---|---|---|---|
| | | പരിപാടിയിൽ ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും, ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുന്നു.<br>FM corner<br>വ്യത്യസ്തമായ കഥകൾ<br>Readers Theatre<br>റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പക്കാൻ അവസരം നൽകുന്നു.<br>Reader of the month<br>ഇംഗ്ലീഷ് ദിനപ്പത്രം വായിക്കുവാൻ അവസരം നൽകി reader of the month നെ ആദരിക്കുന്നു | ടേമിൽ ഒരു തവണ<br>മാസം തോറും |
| 2 | തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാകുക | My Droplets<br>കുട്ടികളുടെ കലാസൃഷ്ട്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു.<br>Alert zone<br>സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസിലും പ്രദർശിപ്പിക്കുന്നു | വർഷാവസാനം<br>ദിനാചരണങ്ങളിൽ |

| | | | |
|---|---|---|---|
| | | <u>Run baby run</u><br>ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിന് ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ആദ്യം ശരിയായി എഴുതികഴിഞ്ഞ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു | ഫെബ്രുവരി |
| | | <u>Fun time Funda</u><br>കടങ്കഥകൾ കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | എല്ലാ ഇംഗ്ലീഷ് പിരീഡും |
| 3 | ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉണർത്തുന്നു | <u>The grand camp</u><br>ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. up ക്ലാസിലെ കുട്ടികൾക്ക് വിവിധ പരിപാടികളിൽ പങ്കെടുക്കാൻ അവസരം ഒരുക്കുന്നു. 5ാം ക്ലാസിനായി കതപറയൽ, കഥയെഴുത്ത്. 6 ന് Role play, നാടകം എന്നിവയും | വർഷാവസാനം |

| | | | |
|---|---|---|---|
| | | 7ാം ക്ലാസിന് കവിത, പ്രസംഗം തുടങ്ങിയവ. അവസാനം ഡോക്യുമെന്ററി/ഫിലിം ഷോ | |

## മേഖല - ഹിന്ദി

ചുമതല
ഹിന്ദി ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ട്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ - ഫെബ്രുവരി |
| 2 | **ഹിന്ദി വായന** തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ - ഫെബ്രുവരി |
| 3 | **ഹിന്ദി സംസാരം** ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും . | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. | ജൂൺ - ഫെബ്രുവരി |

| | | | |
|---|---|---|---|
| | നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽസംസാരിക്കാനു ള്ള ഭാഷ പരിചയപ്പെടുത്തും | ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും. വായനയ്ക്ക്........ ഹിന്ദി തെറ്റിച്ച് അധ്യാപിക വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. Readery fight മത്സര വായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | |

## മേഖല - ഗണിതം

ചുമതല
ഗണിത ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ഗണിത ശില്പശാല – കളിരീതികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർക്കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, കല്ലുകൾ...) | ജൂൺ - ആഗസ്റ്റ് |

| | | | |
|---|---|---|---|
| 2 | രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം |
| 3 | ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ. ഗണിതം മധുരമാക്കൽ | ജ്യോമട്രിക്ക് പാറ്റേണുകൾ വരയ്ക്കൽ, ഗണിത കളികൾ, ഗണിത പസിലുകൾ | സെപ്റ്റംബർ - നവംബർ |
| 4 | ആധുനിക ശാസ്ത്രസാങ്കേതിക സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജ്യാമിതീയരൂപങ്ങൾ, ഭിന്നസംഖ്യകൾ, ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഐ ടി സാധ്യത പ്രയോജനപ്പെടുത്തുന്നു | ആവശ്യാനുസരണം |
| 5 | ഗണിതത്തിൽ പന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെകണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളുടെ സഹായത്തോടെ വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് |

# മേഖല - ശാസ്ത്രം

ചുമതല
ശാസ്ത്ര ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി-ജൈവവൈവിധ്യപാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക്<br>കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ<br>പരീക്ഷണകളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. | അക്കാദമിക വർഷം<br>ജൂലൈ<br>ജൂൺ മുതൽ |

| | | | |
|---|---|---|---|
| | | പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | |
| 2 | ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈ കാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുകൊ | മാസ്റ്റർ മൈന്റ്സ് ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം |
| | | എക്സ്പ്ലോ-എക്സ്പ്ലോർ ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു . | അക്കാദമിക വർഷം |
| | | ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം |

| | | | |
|---|---|---|---|
| | | മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം<br>അക്കാദമിക വർഷം |
| 3 | ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം |

| | | | |
|---|---|---|---|
| 4 | പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം | അക്കാദമിക വർഷം |

# മേഖല - സാമൂഹ്യശാസ്ത്രം

ചുമതല
SS ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | ജൂൺ |

| | | | |
|---|---|---|---|
| | | ഓർമ്മച്ചെപ്പ് അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് memory test നടത്തുന്നു. | ജൂൺ |
| 2 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual field trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം |
| 3 | ജനാധിപത്യസമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയിൽ അടിസ്ഥാന തലം മനസിലാക്കുന്നു | അക്കാദമിക വർഷാരംഭം |
| 4 | പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവൽക്കരിക്കുന്നു | പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും ബോധവാൻമാരാക്കുകയും ചെയ്യുന്നു | അക്കാദമിക വർഷാരംഭം |

| | | | |
|---|---|---|---|
| 5 | സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നൻമയുടെ നറുങ്ങുവെട്ടം പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായവർക്ക് അവരവരാൽ ചെയ്യാൻ പറ്റുന്ന സഹായങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്നു. പ്രോത്സാഹിപ്പിക്കുന്നു. | അക്കാദമിക വർഷം |
| 6 | വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ച് റോഡ് സുരക്ഷയെക്കുറിച്ചും ബോധവാൻമാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർസുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക്ക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം |
| 7 | സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | ഫീൽഡ് ട്രിപ്പ്, സർവ്വേ കാടുകൾ, കണ്ടൽ കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം |
| 8 | സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | പുതുചക്രവാളത്തിലേക്ക് സിവിൽസർവീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ ലോകത്തിലേക്ക് കൈപിടിച്ചുയർത്തുന്ന പ്രവർത്തനങ്ങൾ | അക്കാദമിക വർഷം |

| | | | |
|---|---|---|---|
| | | നടപ്പിലാക്കുന്നു.<br>ചോദ്യോത്തര വേളകൾ, ക്ലാസുകൾ സംഘടിപ്പിക്കുന്നു | |

## അക്കാദമിക മാസ്റ്റർ പ്ലാനിനു വേണ്ട പിന്തുണ

വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങളും സാമ്പത്തിക പിന്തുണയും പിറ്റിഎ, എസ് എം സി, പഞ്ചായത്ത്, ജനപ്രതിനിധികൾ, മറ്റുള്ളവർ എന്നിവയുടെ സഹായത്തോടെ കണ്ടെത്തുകയും നടപ്പിലാക്കുകയും ചെയ്യുന്നു.



# ഉപസംഹാരം

ഗവ. യു പി സ്കൂൾ അക്കരപ്പാടത്തിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.



